# നീര മുഖ്യ വരുമാനമാർഗ്ഗമാകുമെന്ന് ടി.കെ.ജോസ്

കൊച്ചി: കേരകർഷകർക്ക് നല്ല ആദായം ലഭിക്കുന്ന നീര ഉൽപ്പാദനം എത്രയും വേഗം നടപ്പിൽ വരുത്തി കേരകർഷകരെയും കേരകൃഷിയെയും പ്രോത്സാഹിപ്പിക്കണമെന്നും നീര ഉൽപ്പാദനം കേര കർഷകർക്ക് വരുംനാളുകളിലെ മുഖ്യവരുമാനമാർഗ്ഗമായിരിക്കുമെന്നും നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് ഐഎഎസ് അഭിപ്രായപ്പെട്ടു. കേര കർഷക സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന നീര ഉൽപ്പാദക പ്രവർത്തക സംസ്ഥാന സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഭക്ഷ്യാവശ്യ പര്യാപ്തതയുടെ മുഖ്യ പങ്ക് വഹിക്കുന്നത് കർഷകരാണെന്നും എന്നാൽ മറ്റെല്ലാ വിഭാഗങ്ങൾക്കും പദ്ധതി വിഹിതത്തിൽ ആവശ്യത്തിന് തുക അനുവദിക്കുമ്പോൾ കൃഷിക്ക് അനുവദിക്കുന്ന തുക തീരെ കുറഞ്ഞു പോകുന്നത് കാർഷിക മേഖലയെ തളർത്തുകയാണ് ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു.

വരാപ്പുഴ കൃഷി ഓഫീസർ ബിന്ദു സി.എസ്. അദ്ധ്യക്ഷത വഹിച്ചു. നീര പ്രോസസിംഗ് എഞ്ചിനീയർ ശ്രീകുമാർ പൊതുവാൾ, പ്രോസസിംഗ് മാനേജർ ശ്രീജിത എന്നിവർ ക്ലാസ്സെടുത്തു.